# സ്വർഗ്ഗത്തിലേക്കുള്ള **വഴി**

## ബെന്നി പൂണേലി

ജീവിതം ഒരു യാത്രയാണ്. ജയപരാജയങ്ങൾ നിറഞ്ഞ ഒരു യാത്ര. ജീവിതയാത്ര വർഷങ്ങൾ നീളുന്നതാവാം. എന്നാൽ വളരെ ഹ്രസ്വവുമാണ്. ജീവിതയാത്ര ജയം നിറഞ്ഞതാവാനാണ് പലരും ആഗ്രഹിക്കുന്നത്. എന്നാൽ മരണമൊരു സത്യമാണ്. മരണത്തെ സ്വീകരിക്കാൻ മനുഷ്യന് താല്പര്യമില്ല. എങ്കിലും മരണത്തെ നേരിടാതെ നിവൃത്തിയുമില്ല.

**മരണം ജനനമാണ്.**

മരണം ഒരന്ത്യമല്ല; അവസ്ഥാമാറ്റമാണ്. ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം സ്വർഗ്ഗീയ ജെറുസലേമിലേക്കുള്ള പ്രവേശനമാണ് മരണം. ദൈവോന്മുഖനായി സഹോദരനു നന്മചെയ്തു ജീവിച്ചിട്ടുങ്കിൽ സ്വർഗ്ഗീയ ജെറുസലേമിൽ പ്രവേശിക്കാം. ഇല്ലെങ്കിൽ നിത്യശിക്ഷയിലോ പാപപരിഹാരദായകമായ പ്രദേശമായ ശുദ്ധീകരണ സ്ഥലത്തിലോ നിപതിക്കും. ജീവിത സുഖങ്ങളിൽ മതിമറന്ന് ഭൂമിയിൽ സ്വർഗ്ഗം പണിതു ജീവിക്കുന്നവർ പലപ്പോഴും മരണത്തെയോ മരണാനന്തര ജീവിതത്തെയോ ഓർക്കാറില്ല. **“ഞാൻ നിങ്ങളോടു പറയുന്നു; മനുഷ്യർ പറയുന്ന ഓരോ വ്യർത്ഥവചനത്തിനും വിധിദിവസത്തിൽ കണക്കുകൊടുക്കേിവരും. (മത്തായി 12: 36)”** എന്ന വചനം നമ്മുടെ ജീവിത നവീകരണത്തിന്റെ ആവശ്യകതയിലേയ്ക്ക് വിരൽ ചൂന്നു.

**മുള്ളുകൾ നിറഞ്ഞ വഴി**

ഏതൊരു വിശ്വാസിയുടേയും പരമമായ ലക്ഷ്യം സ്വർഗ്ഗമാണ്. കളിക്കളത്തിൽ വിജയമകുടം ചൂടണമെങ്കിൽ ഏറെ പ്രാക്ടീസ് ചെയ്യേിവരും എന്നതുപോലെ ലക്ഷ്യത്തിലെത്തണമെങ്കിൽ മുള്ളുകൾ നിറഞ്ഞ വഴിയിലൂടെ സഞ്ചരിക്കേണ്ടിവരും. ക്ഷമയോടെ ദൈവത്തെ പഴി പറയാതെ ആ ക്ളേശങ്ങളെ തരണം ചെയ്യുന്നവരാണ് വിജയമകുടം ചൂടുന്നത്. സഭാപിതാക്കന്മാർ പഠിപ്പിക്കുന്നതിനനുസരിച്ച് നാമെല്ലാം ക്രിസ്തുവിന്റെ മൗതീക ശരീരത്തിലെ അംഗങ്ങളാണ്. അപ്പോൾ ഒരവയവം വേദന സഹിക്കുമ്പോൾ എല്ലാ അവയവങ്ങളും അതിൽ ഭാഗഭാക്കാകുന്നു. ഈ കൂട്ടായ്മയെ ത്രിവിധ സഭകളായിട്ടാണ് സഭാപാരമ്പര്യം പഠിപ്പിക്കുന്നത്. പോരാടുന്ന സഭ, വിജയസഭ, സഹനസഭ ഇവയാണവ. നിത്യമഹത്വം പ്രാപിക്കുവാൻ ലോകത്തിൽ തിന്മകളോട് യുദ്ധം ചെയ്യുന്നവരാണ് സമരസഭയിൽ. നല്ല ജീവിതം നയിച്ച് മരണം പ്രാപിച്ച് സ്വർഗ്ഗത്തിൽ ആയിരിക്കുന്ന വിശുദ്ധാത്മാക്കളാണ് വിജയസഭയിൽ. ദൈവോന്മുഖമായി ജീവിച്ചിട്ടും ജീവിതത്തിലെ ബോധപൂർവ്വമായ പോരായ്മകൾമൂലം നേരെ സ്വർഗ്ഗത്തിലെത്താൻ കഴിയാതെ ശുദ്ധീകരണസ്ഥലത്തിൽ കഷ്ടതയനുഭവിക്കുന്നവരാണ് സഹനസഭയിലുള്ളത്. സഹനസഭയിലുള്ളവർ വിജയസഭയുടെ ഒരു ‘പ്രൊവിൻസാ’ണ് എന്നതാണ് സഭാപിതാക്കന്മാർ പറയുന്നത്!

**പുണ്യവാന്മാരുടെ ഐക്യം**

ഇവിടെ പ്രസ്താവിച്ച സഭകൾ തമ്മിലുള്ള ഐക്യമാണ് **Communion of Saints** അഥവാ പുണ്യവാന്മാരുടെ ഐക്യം എന്ന് വിശ്വാസപ്രമാണത്തിൽ നാം ഏറ്റു ചൊല്ലുന്നത്. പോരാടുന്ന സഭയും സഹനസഭയും സ്വർഗ്ഗീയ സഭയിൽ എത്തിച്ചേരാൻ കാത്തിരിക്കുന്നവരാണ്.

**ശുദ്ധീകരണ സ്ഥലമുണ്ടോ?**

പലരും സംശയിക്കുന്ന ഒരു കാര്യമാണിത്. മരണമടഞ്ഞ തങ്ങളുടെ സ്വന്തക്കാർ ആരും ഈ വിവരം വന്നു പറയുന്നില്ലല്ലോ. അതാണ് സംശയത്തിന് കാരണം. വിശുദ്ധ ഗ്രന്ഥത്തിൽ ലാസറിന്റെയും ധനികന്റെയും കഥ തിന്മയ്ക്ക് ദൈവം നൽകുന്ന പ്രതികരണം വ്യക്തമാക്കുന്നുണ്ട്. അതുപോലെ വി. മത്തായിയുടെ സുവിശേഷത്തിൽ പറയുന്നു. **“നിന്റെ വാക്കുകളാൽ നീ നീതീകരിക്കപ്പെടും. നിന്റെ വാക്കുകളാൽ നീ കുറ്റം വിധിക്കപ്പെടുകയും ചെയ്യും. (മത്താ. 12:37)** ” 16–ാം നൂറ്റാണ്ടിൽ പ്രൊട്ടസ്റ്റന്റ് നവീകരണക്കാർ ശുദ്ധീകരണസ്ഥലത്തെ നിഷേധിച്ചുകൊണ്ട് സമൂഹത്തിൽ തെറ്റിദ്ധാരണ പരത്തി. ഏതൊരു സാമാന്യ മനുഷ്യനും ചിന്തിക്കാവുന്ന കാര്യമാണ് അഴുക്കുപുരാൽ കഴുകണമെന്ന്. ജീവിതത്തിലുണ്ടാകുന്ന അഴുക്കുകളാണ് തിന്മകൾ. ഇതു കഴുകി കളയാതെ സ്വർഗ്ഗപ്രാപ്തി അസാധ്യമാണ്. തിന്മയുടെ ഫലമായി ഉണ്ടായ അഴുക്ക് നീക്കുന്നിടമാണ് ശുദ്ധീകരണ സ്ഥലം.

**വിധിയാളനും നീതിമാനും**

ദൈവം നീതിമാനാണ്. ദൈവസ്വഭാവത്തിൽ സൃഷ്ടിക്കപ്പെട്ട നാമും നീതിയുള്ളവരായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നമ്മിൽ അല്പകറയോ ചുളിവോ ഉണ്ടായിരിക്കാൻ ദൈവം ആഗ്രഹിക്കുന്നില്ല. വെൺമയുടേയും നന്മയുടേയും ആനന്ദത്തിന്റെയും ഇടമായ സ്വർഗ്ഗത്തിൽ അല്പ തിന്മയോടുകൂടിപ്പോലും ആർക്കും പ്രവേശിക്കാൻ സാദ്ധ്യമല്ല. അറിയാതെ ചെയ്തുപോയ അപരാധത്തിനുപോലും പരിഹാരം ചെയ്യാതെ നിവൃത്തിയില്ല. ഒരു മനുഷ്യനും ശുദ്ധീകരണസ്ഥലം കാണാതെ സ്വർഗ്ഗം പ്രാപിക്കാൻ സാധിക്കുമെന്ന് വിചാരിക്കുന്നില്ല. കാരണം തിന്മ മാനുഷികമായ ഒരു ബലഹീനതയാണ്.

**ശുദ്ധീകരണം ലോകത്തിൽ**

ചിലർക്ക് ലോകജീവിതത്തിൽത്തന്നെ ശുദ്ധീകരിക്കപ്പെടുന്നതിന് ദൈവം അവസരമൊരുക്കുന്നു. രോഗങ്ങളും കഷ്ടപ്പാടുകളും ജോബിനുണ്ടായതുപോലുള്ള ജീവിതാവസ്ഥകളും നൽകിയാണ് ശുദ്ധീകരിക്കപ്പെടുന്നത്. എന്നാൽ ഏറെ പേർക്കും മരണാനന്തരം ശുദ്ധീകരിക്കപ്പെടാനുള്ള അവസരമാണുള്ളത്. നരകയാതനകളിൽ നിന്ന് ഒട്ടും വ്യത്യസ്ഥമല്ല ശുദ്ധീകരണ സ്ഥലത്തിലെ യാതനകൾ. അവിടെ പ്രത്യാശയുണ്ടെന്നുമാത്രം. സ്വയം പരിഹാരം ചെയ്യാൻ കഴിയാത്ത അവസ്ഥയാണ് ശുദ്ധകരണാത്മാക്കൾക്കുള്ളത്. പോരാട്ടസഭയിലുള്ള നമുക്ക് മാത്രമാണ് ശുദ്ധീകരണാത്മക്കൾക്കുവേണ്ടി എന്തെങ്കിലും സഹായം ചെയ്യുവാൻ കഴിയുക.

**നിരീക്ഷണം കുഴിമാടം വരെ**

നാം കുഴിമാടം വരെ എത്തേണ്ടവരാണ്. അതിനാൽ നമ്മുടെ വീക്ഷണവും കുഴിമാടം വരെ എത്തണം. കുഴിമാടത്തിനപ്പുറം ജീവിതമില്ലെന്ന് നാം വിചാരിക്കരുത്. അങ്ങനെ വിചാരിക്കുന്നത് നിരീശ്വരവാദികളാണ്. അവർ തിന്നുംകുടിച്ചും ലൗകിക സഖങ്ങൾ അനുഭവിച്ചും ജീവിക്കുന്നു. മരണാനന്തരം അവരുടെ അവസ്ഥ ഏതായിരിക്കുമെന്ന് ദൈവത്തിന് മാത്രമെ അറിയൂ.

**ആത്മാക്കളെ സഹായിക്കാം**

ശുദ്ധീകരണ സ്ഥലത്തുനിന്ന് മോക്ഷ കവാടത്തിലേക്ക് ആത്മാക്കളെ കടത്തിവിടാനുള്ള കവാടത്തിന്റെ താക്കോൽ നമ്മുടെ കൈകളിലാണ്. നമ്മുടെ പ്രാർത്ഥന, ദാനധർമ്മങ്ങൾ പരിത്യാഗ പ്രവൃത്തികൾ അനുദിന ദിവ്യബലി എന്നിവ പാപപരിഹാരാർത്ഥം കാഴ്ചവെച്ചുകൊണ്ട് ശുദ്ധീകരണദിനങ്ങളുടെ ഇളവിനായി നമുക്ക് പരിശ്രമിക്കാം. മക്കബായർ 12-ാം അദ്ധ്യായം 38-45ൽ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും നേർച്ച കാഴ്ചകൾ നടത്തിയതുമായി നാം വായിക്കുന്നുണ്ട്.

**നമുക്കേറ്റവും പ്രിയപ്പെട്ടവർ**

ജീവിച്ചിരുന്നപ്പോൾ നമുക്കുവേണ്ടി ചോരയും നീരുമൊഴിക്കിയ മാതാപിതാക്കൾ സഹോദരി സഹോദരന്മാർ, ബന്ധുമിത്രാദികൾ, നമ്മുടെ നന്മയ്ക്കായി പ്രയത്നിച്ചവർ, നമ്മെ പലവിധത്തിൽ വളർത്തിയവർ ഇവരാരും നമുക്കന്യരല്ല. അവർ കരുണയ്ക്കായി കേഴുന്നുണ്ടാവാം. അവരുടെ സ്വർഗ്ഗപ്രാപ്തിക്കായി നമുക്കു പ്രാർത്ഥിക്കാം. മരിച്ചവരെപ്പറ്റിയുള്ള ഓർമ്മ നമ്മിൽ മരണചിന്ത ഉണർത്തട്ടെ. നമ്മുടെ ലോക ജീവിതം ശുദ്ധീകരിക്കുകവഴി മരണാനന്തരം ശുദ്ധീകരണ സ്ഥലത്തെ നമ്മുടെ കാലാവധി കുറയ്ക്കാം. സ്വർഗ്ഗോന്മുഖമായി ജീവിക്കാം.

കടപ്പാട് : ആകാശപ്പറവകളുടെ കൂട്ടുകാർ – 2012 നവംബർ